**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5286** **21-07-2022 - ൽ മറുപടിയ്ക്ക്**

**കാലടി സംസ്കൃത സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലടി സംസ്കൃത സർവ്വകലാശാല കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത പ്രതിസന്ധിയ്ക്കുള്ള കാരണം വ്യക്തമാക്കുമോ; | (എ) | കാലടി സംസ്കൃത സർവ്വകലാശാല കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വസ്തുത ഗൗരവത്തോടെയാണ് കാണുന്നത്. സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതി, പദ്ധതിയേതര ഗ്രാന്റുകൾ, സർവ്വകലാശാലയുടെ ആഭ്യന്തര വരുമാനം എന്നിവയാണ് സർവ്വകലാശാലയുടെ മുഖ്യ വരുമാന മാർഗ്ഗങ്ങൾ. സർവ്വകലാശാല സ്വാശ്രയ കോഴ്സുകളോ, കോളേജുകളോ നടത്തുന്നില്ല എന്നതിനാൽ ആഭ്യന്തര വരുമാനം മറ്റ് സർവ്വകലാശാലകളെ അപേക്ഷിച്ച് വളരെ തുച്ഛമാണ്. ഇത്തരത്തിൽ പദ്ധതി യേതര ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകയിൽ നിന്നുമാണ് സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായുള്ള ചെലവുകൾ നടത്തിവരുന്നത്. സാമ്പത്തിക പ്രതിസന്ധി ഗൗരവമായി കാണുന്നതിനാൽ യു.ജി/പി.ജി. പ്രോഗ്രാമുകൾ പുന:സംഘടിപ്പിക്കുവാനുള്ള ശ്രമങ്ങൾ സർവ്വകലാശാല ആരംഭിച്ചു കഴിഞ്ഞു. വിവിധ അക്കാദമിക ഭരണ ബോഡികളുടെ അംഗീകാരത്തോടെ ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ IDP- യുടെ ഭാഗമായി ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിരവധി പദ്ധതികൾ ആലോചിച്ചുവരുന്നു. |
| (ബി) | സർവ്വകലാശാലാ നിയമനങ്ങളിലെ രാഷ്ട്രീയ ഇടപെടലുകളും ക്രമക്കേടുകളും സാമ്പത്തിക അച്ചടക്കം തകരുന്നതിന് കാരണമായതായി വിലയിരുത്തുന്നുണ്ടോ; 2021-ൽ സർവ്വകലാശാല നടത്തിയ താത്കാലിക നിയമനങ്ങളും സ്ഥിര നിയമനങ്ങളും കരാർ നിയമനങ്ങളും മൂലം ഉണ്ടായ വാർഷിക ബാദ്ധ്യത എത്രയാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ ; | (ബി) | സർവ്വകലാശാലാ നിയമനങ്ങളിൽ രാഷ്ട്രീയ ഇടപെടലുകളും ക്രമക്കേടുകളും ഉണ്ടാകാറില്ല. 2021 ലെ സർവ്വകലാശാല നടത്തിയ താൽക്കാലിക നിയമനങ്ങളും സ്ഥിര നിയമനങ്ങളും കരാർ നിയമനങ്ങളും മൂലം ഉണ്ടായ വാർഷിക ബാദ്ധ്യതയെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ നൽകുന്നു. |

| | | | |
|---|---|---|---|
| | | | നാല് അനദ്ധ്യാപക ജീവനക്കാരെ ദിവസ വേതാനാടിസ്ഥാനത്തിൽ നിയമിച്ച വകയിൽ ആകെ 2,43,915/- രൂപ വേതനവും കരാർ വ്യവസ്ഥയിൽ 15 പേർക്ക് നിയമനം നൽകിയ വകയിൽ 15,04,295/- രൂപ വേതനവും പി.എസ്.സി. യിൽ നിന്നും 5 അനദ്ധ്യാപക ജീവനക്കാർക്ക് സ്ഥിര നിയമനം നൽകിയ വകയിൽ ആകെ 6,50,491/- രൂപയും ഉൾപ്പെടെ 2021 ൽ സർവ്വകലാശാലയ്ക്ക് ഉണ്ടായ മൊത്തം ബാധ്യത 23,98,701/- രൂപയാണ്.<br><br>2021 വർഷത്തിൽ സ്ഥിരം അദ്ധ്യാപക നിയമനത്തിലൂടെ 1,83,47,926/- രൂപയും താൽക്കാലിക അദ്ധ്യാപകർക്കായി 6,08,93,925/- രൂപയും ശമ്പളം ഉത്സവബത്ത ഇനത്തിൽ നൽകിയിട്ടുണ്ട്. |
| (സി) | സർവ്വകലാശാലയിൽനിന്നും റിട്ടയർ ചെയ്ത അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ കഴിഞ്ഞ ഒരു വർഷമായി തടഞ്ഞ് വെച്ചിരിക്കുകയാണെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | സർവ്വകലാശാലയിൽ നിന്നും റിട്ടയർ ചെയ്ത അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞ് വയ്ക്കപ്പെട്ടിട്ടില്ല. എന്നാൽ റിട്ടയർ ചെയ്ത ചില അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ കഴിഞ്ഞ 6 മാസക്കാലമായി പൂർണ്ണമായി വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. സാമ്പ ത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് അവ അടിയന്തിരമായി വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ